(സി) ജൂൺ മാസത്തിനകം പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കായംകുളം സഹകരണ സ്പിന്നിംഗ് മില്ലിലെ വൈദ്യുതി ചാർജ്

80 (2658) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മിൽ വിവിധ ഇനങ്ങളിൽ 1999 ജനുവരി 1 മുതൽ 2000 ഫെബ്രുവരി 20 വരെ വൈദ്യുതി വകുപ്പിൽ അടച്ച തുകകളുടെ വിശദവിവരങ്ങൾ നൽകുമോ ;

(ബി) ലൈൻ വലിയ്ക്കൽ, കറണ്ട് ചാർജ് എന്നീ ഇനങ്ങളിൽ ഭീമമായ തുകകൾ അടച്ചുകൊണ്ടിരിക്കുന്ന ഈ പുതിയ വ്യവസായ സഹകരണ സ്ഥാപനത്തിന് പരമാവധി ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി സ്ഥലം എം.എൽ.എ. കൂടിയായ മില്ലിന്റെ ചെയർമാൻ ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ)	ഒ.വൈ.ഇ.സി.	2, 46, 262
	സർവ്വീസ് കണക്ഷൻ ചാർജ്	2, 16, 000
	കാഷ് ഡിപ്പോസിറ്റ്	7, 56, 000
	ആകെ	12, 18, 262

(ബി) നിലവിലുള്ള നിയമനുസരിച്ച് നിർവ്വാഹമില്ല.

(സി) ഇത്തരത്തിലൊരു നിവേദനം പവർവകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

തിരുവല്ലായിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

81 (2659) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ 66 കെ.വി. സബ്സ്റ്റേഷനുകളായ തിരുവല്ലാ സബ്സ്റ്റേഷനും ചുമത്ര സബ്സ്റ്റേഷനും. 110 കെ.വി സബ് സ്റ്റേഷനാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) തിരുവല്ല 66 കെ.വി. സബ്സ്റ്റേഷനിലെ യന്ത്രോപകരണങ്ങൾ കാലപ്പഴക്കം കൊണ്ടും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും സുഗമമായി പ്രവർത്തിക്കുന്നവയല്ലെന്നും വോൾട്ടേജ് ക്ഷാമവും വൈദ്യുത തകരാറും നിത്യ സംഭവമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly